## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1441** | **11.06.2019**-ൽ മറുപടിയ്ക്ക്

## "ഒപ്പരം" പുതുവർഷം ആഘോഷം

ചോദ്യം : ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി :

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇത്തവണ പുതുവർഷം ആഘോഷിക്കാൻ സർക്കാർ തീരുമാനമെടുത്തിരുന്നോവെന്നും എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന പുതുവർഷാഘോഷ പരിപാടിയുടെ സംഘാടനം എങ്ങനെയായിരുന്നുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ? | (എ) | ഇത്തവണ പുതുവർഷം ആഘോഷിക്കുവാൻ സർക്കാർ തീരുമാനം എടുത്തിരുന്നില്ല. |
| (ബി) | ജില്ലാഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ 2018 ഡിസംബർ 31 ന് കാസർഗോഡ് സംഘടിപ്പിച്ച പുതുവർഷാഘോഷത്തിനു "ഒപ്പരം" എന്ന പേരു നൽകിയത് പോലെ മറ്റു ജില്ലകളിൽ നൽകിയ പേരുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലാതലത്തിൽ സർക്കാർ നിർദേശപ്രകാരം പുതുവർഷാഘോഷം സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. |
| (സി) | ഒപ്പരത്തിനു സംഘാടക സമിതി രൂപീകരിച്ചിരുന്നോയെന്നും എങ്കിൽ ഭാരവാഹികൾ ആരൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ: | (സി) | ഒപ്പരത്തിനു സംഘാടക സമിതി രൂപീകരിച്ചിട്ടില്ല. കാസർഗോഡ് തിയാട്രിക് സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ് സംഘടിപ്പിച്ചത്. |
| (ഡി) | ഒപ്പരത്തിൽ എന്തെല്ലാം പരിപാടികൾ ഉണ്ടായിരുന്നുവെന്നും ആരൊക്കെയാണ് പരിപാടികൾ അവതരിപ്പിച്ചതെന്നും വ്യക്തമാക്കാമോ; | (ഡി) | (പട്ടിക താഴെ) |

| ക്രമ നം. | പരിപാടിയുടെ പേര് | അവതരണം |
|---|---|---|
| 1 | രംഗപൂജ | നൃത്യ കാസർഗോഡ് |
| 2 | പൂരക്കളി | മുളവന്നൂർ ഭഗവതി ക്ഷേത്ര കലാസംഘം |
| 3 | മാർഗം കളി | ലിറ്റിൽ ഫ്ലവർ സ്കൂൾ കാഞ്ഞങ്ങാട് |

| | | |
|---|---|---|
| 4 | യക്ഷഗാനം | താരാനാഥ് റായ് |
| 5 | ഒപ്പന | എച്ച് എസ് എസ് ഹോസ്ദുർഗ് |
| 6 | അലാമിക്കളി | നാട്ടകം കാറഡുക്ക |
| 7 | മംഗലം കളി | മദറ്റ അമ്മ കലാസമിതി |
| 8 | കൊറഗനൃത്തം | പുളിക്കൂർ കലാസംഘം |
| 9 | കോൽക്കളി | നന്ദനം കോൽക്കളി സംഘം പെർലടുക്കം |
| 10 | അമതൻ | ശ്രീരാജ് & ടീം കാസർഗോഡ് |

(ഇ) ഒപ്പരം സംഘടിപ്പിക്കുന്നതിനു സംഭാവനയായി കിട്ടിയ തുക വ്യക്തികളും സംഘടനകളും തിരിച്ച് വ്യക്തമാക്കാമോ; ഏതെങ്കിലും ഗ്രാമ പഞ്ചായത്തുകൾ സംഭാവന നൽകിയിരുന്നോ എന്നും എങ്കിൽ ഏത് ഫണ്ടിൽ നിന്ന് എത്ര തുകയാണ് നൽകിയതെന്നും ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംഭാവന നൽകിയതെന്നും വ്യക്തമാക്കാമോ; പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ഇ)

| ക്രമ നം | സ്ഥാപനം/വ്യക്തി | തുക |
|---|---|---|
| 1 | ശ്രീ.യഹിയ തളങ്കര | 50,000/- രൂപ |
| 2 | ശ്രീ.ലത്തീഫ് ഉപ്പള | 1,00,000/- രൂപ |
| 3 | ശ്രീ.മുജീബ് | 2,000/- രൂപ |
| 4 | M/s സിറ്റി ഗോൾഡ് കാസർഗോഡ് | 40,000/- രൂപ |
| 5 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 1,00,000/- രൂപ |
| 6 | കുമ്പള ഗ്രാമ പഞ്ചായത്ത് | 20,000/- രൂപ |
| 7 | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ | 50,000/- രൂപ |
| 8 | M/s ബിന്ദു ജ്വല്ലറി കാസർഗോഡ് | 25,000/- രൂപ |
| ആകെ | | **3,87,000/-** രൂപ |

ചെങ്കള ഗ്രാമ പഞ്ചായത്ത് 1,00,000/- രൂപയും കുമ്പള ഗ്രാമപഞ്ചായത്ത് 20,000/- രൂപയുമാണ് അനുവദിച്ചത്.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല തുക അനുവദിച്ചത്.

2011-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ 3 ൽ iii പ്രകാരമാണ് പഞ്ചായത്തുകൾ

| | | | |
|---|---|---|---|
| | | | തുക അനുവദിച്ചത്. |
| (എഫ്) | പരിപാടിക്കു ശേഷം ഒപ്പരത്തിന്റെ സംഘാടക സമിതി ചേർന്ന് വരവ്- ചെലവ് കണക്ക് അവതരിപ്പിച്ചോയെന്നും മിച്ചമാണെങ്കിൽ ആ തുക എന്ത് ചെയ്തെന്നും നഷ്ടമാണെങ്കിൽ എങ്ങനെ നികത്തിയെന്നും വ്യക്തമാക്കാമോ; | (എഫ്) | തിയാട്രിക് സൊസൈറ്റി യോഗം ചേർന്ന് കണക്ക് അവതരിപ്പിച്ചു.<br>ആകെ വരവ് 3,87,000/- രൂപ<br>ആകെ ചിലവ് 2,92,560/- രൂപ<br>ബാക്കി 94,440/- രൂപ<br>ബാക്കി തുക കാസറഗോഡ് തിയാട്രിക് സൊസൈറ്റി അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് നടത്തിയ പരിപാടികൾക്ക് ചിലവഴിക്കുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**